# ഡോ. തോമസ് ജോൺ അന്തരിച്ചു

വാഷിംഗ്ടൻ: യൂണിവേഴ്സിറ്റി പ്രൊഫസർ, ബിസിനസ് ഉടമ, സാമുദായിക സാമൂഹിക സംഘടനകളുടെ നേതാവ് എന്നീ നിലകളിൽ കഴിഞ്ഞ നാലു പതിറ്റാണ്ടുകളായി അമേരിക്കൻ മലയാളികൾക്കു സുപരിചിതനായിരുന്ന ഡോ. തോമസ് ജോൺ (70) ജനുവരി 20 ശനിയാഴ്ച അന്തരിച്ചു. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയേ തുടർന്നുണ്ടായ സെപ്റ്റിസീമിയ മൂലമാണ് മരണം സംഭവിച്ചത്.

1963 ൽ അമേരിക്കയിലെത്തുന്നതിനു മുമ്പ് കേരളത്തിലും മണിപ്പൂരിലും ഡോ. തോമസ് ജോൺ അദ്ധ്യാപകനായിരുന്നു. ഒഹായോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് അദ്ധ്യാപന മാർഗ്ഗങ്ങളിലെ ഗവേഷണത്തിന് ഡോക്ടറേറ്റ് ലഭിച്ച ശേഷം അദ്ദേഹം വാഷിംഗ്ടനിലെ ഡിസ്ട്രിക്റ്റ് ഓഫ് കൊളംബിയ യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപകനായി ചേർന്നു. മുപ്പതു വർഷക്കാലം യൂണിവേഴ്സിറ്റി പ്രൊഫസറായിരുന്ന അദ്ദേഹം അവിടുത്തെ കോളജ് ഓഫ് എഡ്യുക്കേഷൻെറ ചെയർമാനും ക്രിയേറ്റീവ് റിസേർച്ച് അസ്സോസിയേറ്റ്സ് എന്ന ഗവേഷണ സ്ഥാപനത്തിൻെറ പ്രസിഡൻറും ആയിരുന്നു.

റിയൽ എസ്റ്റേറ്റ് ബിസിനസിലൂടെ നൂറുകണക്കിന് അപ്പാർട്ട്മെൻറുകൾ ഡോ. തോമസ് ജോൺ സ്വന്തമാക്കി. അറുപതുകളിലെ വർഗ്ഗവിവേചനം അനുഭവിച്ചിട്ടുള്ള അദ്ദേഹം തൻെറ അപ്പാർട്ട്മെൻറുകൾ താഴ്ന്ന വരുമാനക്കാർക്കു വാടകയ്ക്കു കൊടുക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

അമേരിക്കയിൽ ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ അടിസ്ഥാനം ഉറപ്പിക്കാൻ കഠിന പ്രയത്നം ചെയ്ത ഒരു വ്യക്തിയാണ് ഡോ. തോമസ് ജോൺ. ഭദ്രാസന ട്രസ്റ്റിയായും കൗൺസിൽ മെമ്പറായും അനേക വർഷങ്ങൾ അദ്ദേഹം സേവനമനുഷ്ഠിക്കുകയും യൂത്ത് കോൺഫറൻസ്, മെൻസ് ഫെല്ലോഷിപ്പ് എന്നിങ്ങനെ പല സംരംഭങ്ങൾക്കും അദ്ദേഹം തുടക്കം കുറിക്കുകയും ചെയ്തു. ക്രിസ്ത്യൻ സഭകളുടെ ഐക്യത്തെ ലക്ഷ്യമാക്കി നാഷനൽ കൗൺസിൽ ഓഫ് ചർച്ചസ് ഓഫ് ക്രൈസ്റ്റ് എന്ന സംഘടനയിൽ പ്രവർത്തിക്കുകയും വാഷിംഗ്ടനിൽ എക്യുമിനിക്കൽ കൗൺസിൽ ഓഫ് കേരളാ ക്രിസ്റ്റ്യൻസ് എന്ന സംഘടനയ്ക്ക് രൂപം നൽകുകയും ചെയ്തു.

ഇന്ത്യാക്കാരുടെ ശബ്ദം രാഷ്ട്രീയ തലങ്ങളിൽ ഉയർന്നു കേൾക്കാനായി മണ്ട്ഗോമറി കൗണ്ടി എത്തിനിക് അഫയേഴ്സ് കമ്മറ്റിയിലും കൗണ്ടി എക്സിക്യുട്ടീവിൻെറ ഏഷ്യൻ അമേരിക്കൻ അഡ്‌വൈസറി കമ്മറ്റിയിലും അനേകവർഷം അദ്ദേഹം സേവനമനുഷ്ഠിച്ചു. വർഗ്ഗവിവേചനം അനുഭവിക്കുന്നവരെ സഹായിക്കാനായി തുടങ്ങിയ അമേരിക്കൻ ലീഡർഷിപ്പ് കൗൺസിൽ എന്ന സ്ഥാപനവും രാഷ്ട്രീയ ബോധവൽക്കരണത്തിനു വേണ്ടി തുടങ്ങിയ നാഷനൽ അസ്സോസിയേഷൻ ഓഫ് അമേരിക്കൻസ് ഓഫ് ഏഷ്യൻ-ഇൻഡ്യൻ ഡിസൻറ് എന്ന സ്ഥാപനവും അദ്ദേഹത്തിൻെറ സംഭാവനകളാണ്. വാഷിംഗ്ടനിലെ മലയാളി സംഘടനകളായ കേരളാ അസ്സോസിയേഷനും കേരളാ കൾച്ചറൽ സൊസൈറ്റിയും സ്ഥാപിക്കുന്നതിനും ഡോ. തോമസ് ജോൺ മുൻ കൈയെടുത്തു.

കല്ലൂപ്പാറ പുലിപ്ര കുടുംബാംഗമാണ് ഡോ. തോമസ് ജോൺ. ഭാര്യ – അന്ന ജോൺ. മക്കൾ – അനിത, ലളിത, ഇന്ദു. മരുമകൻ – ചാക്കോ. കൊച്ചുമകൻ – ഈഥലൈ.

ജനുവരി 26 വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 9 വരെ വെയ്ക്കും 27 ശനിയാഴ്ച രാവിലെ 9 മുതൽ 11 വരെ ശവസംസ്കാര ശുശ്രൂഷകളും മെരിലാൻറിലെ പൊട്ടോമക്കിലുള്ള അന്ത്യോക്യൻ ഓർത്തഡോക്സ് പള്ളിയിൽ തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലിത്തായുടെ കാർമ്മികത്വത്തിൽ നടത്തും. ഡോ. തോമസ് ജോണിൻെറ ഇടവക പള്ളിയായ സെൻറ് ഗ്രീഗോറിയോസ് പള്ളി വികാരി ഫാ. അലക്സാണ്ടർ കുര്യൻ ചടങ്ങുകളുടെ ഭാരവാഹിത്വം വഹിക്കും.